## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4747

26.06.2019 - ൽ
മറുപടിയ്ക്ക്

### കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണവിഭാഗം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണവിഭാഗം ഏതെല്ലാം മേഖലകളിലാണ് ഗവേഷണം നടത്തുന്നതെന്ന് വിശദമാക്കുമോ; | എ) കേരളത്തിന്റെ കാർഷിക മേഖലയും കർഷക ക്ഷേമത്തെയും ലാക്കാക്കിയുള്ള ഗവേഷണ പ്രവർത്തനങ്ങളാണ് കാർഷിക സർവ്വകലാശാല നടപ്പാക്കി വരുന്നത്. കാർഷിക രംഗത്ത് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ, പ്രതിരോധ — അതിജീവന മാർഗ്ഗങ്ങൾ, കാര്യക്ഷമമായ ജലവിനിയോഗ രീതികൾ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള സാങ്കേതിക വിദ്യകൾ, പ്രകൃതി വിഭവ സംരക്ഷണം, ഉത്തമ കൃഷി രീതികൾ, കാർഷിക യന്ത്രവത്ക്കരണം, ആധുനിക കൃഷി രീതികൾ, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ, കാർഷിക വന വത്ക്കരണം, സംയോജിത കൃഷി രീതികൾ എന്നീ പ്രധാന മേഖലകളിലാണ് ഗവേഷണം നടപ്പാക്കുന്നത്. കാർഷിക സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക രംഗത്തെ സംബന്ധിച്ചുള്ള പഠനങ്ങൾ, വിജ്ഞാന വ്യാപനരംഗം എന്നീ മേഖലകളിലും ഗവേഷണങ്ങൾ നടപ്പാക്കി വരുന്നു. 635-ൽപരം ഗവേഷണ പദ്ധതികൾ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണവിഭാഗം റബ്ബർ കർഷകരുടെ ഉന്നമനത്തിനായി ഏതെല്ലാം മേഖലകളിൽ ഗവേഷണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് യോജിച്ച ഇനങ്ങൾ, ശാസ്ത്രീയ കൃഷി മുറകൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങിയ മേഖലകളിൽ കാർഷിക സർവ്വകലാശാല ഗവേഷണം നടത്തി വരുന്നു. പ്രസ്തുത ഗവേഷണ ഫലങ്ങൾ, റബ്ബർ കൃഷിയ്ക്കുവേണ്ടി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ എന്നിവ കാർഷിക സർവ്വകലാശാലയുടെ പ്രസിദ്ധീകരണമായ 'പാക്കേജ് ഓഫ് പ്രാക്ടീസസ് ' എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## Details of the Projects and Funding Agencies

| Sl No. | Name of Funding Agency | Number of Projects during 2010-2019 |
|---|---|---|
| 1 | State Plan Projects | 485 |
| 2 | Department of Agriculture | 21 |
| 3 | Department of Environment & Climate | 2 |
| 4 | ATMA | 16 |
| 5 | ICAR | 3 |
| 6 | State Horticulture Mission | 18 |
| 7 | Kerala State Council for Science, Technology & Environment. (KSCSTE) | 15 |
| 8 | RKVY | 33 |
| 9 | State Planning Board | 22 |
| 10 | Indian Meteorological Department (IMD) | 2 |
| 11 | Department of Biotechnology (DBT) | 6 |
| 12 | Department of Science & Technology (DST) | 2 |
| 13 | NCPAH | 2 |
| 14 | NABARD | 2 |
| 15 | Western Ghat Cell | 8 |
| 16 | SERB-IMPRINT | 1 |
| 17 | CSS | 1 |
| 18 | CDS | 1 |
| 19 | Kerala Pineapple Mission | 1 |
| 20 | DTPC | 1 |
| 21 | Department of Fisheries (GoK) | 1 |
| 22 | KSSM | 1 |
| 23 | Coconut Development Board | 2 |
| 24 | Collaborative Projects | 4 |
| 25 | State Finance commission | 6 |
| | **Grand Total** | **656** |

സെക്ഷൻ ഓഫീസർ